**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3589 — 10/04/2013-ൽ മറുപടിയ്ക്ക്

**കർഷക പെൻഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജി. സുധാകരൻ | **കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കൃഷിക്കാർക്കുവേണ്ടി നടപ്പാക്കുന്ന പെൻഷൻ പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷകക്ഷേമവും ഉറപ്പാക്കുക എന്ന നയത്തിന്റെ ഭാഗമായി 2 ഹെക്ടറിൽ താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് പ്രതിമാസം 400 രൂപ പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. 10 വർഷമെങ്കിലും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുകയും കൃഷി മുഖ്യ ജീവനോപാധിയായി സ്വീകരിച്ചിരിക്കുകയും ചെയ്യുന്ന 60 വയസ്സ് പൂർത്തിയായ കർഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ട് |
| ബി) പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; | ബി) പദ്ധതിയിൽ അംഗത്വം ലഭിക്കുന്നതിന് അർഹതയുള്ളവരെന്ന് ആദ്യ ഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ള 207844 കർഷകർക്കും 2013 മാർച്ച് മാസം വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. അനുവദിച്ചിട്ടുള്ള തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സി) ഇതുവരെ എത്ര കർഷകർ ഇതിനായി രജിസ്റ്റർ ചെയ്തിട്ടുണ്ട്, ജില്ല തിരിച്ച് വ്യക്തമാക്കാമോ;

സി) ആകെ രജിസ്റ്റർ ചെയ്ത കർഷകർ - 215833

| ക്രമ നം | ജില്ല | കർഷകരുടെ എണ്ണം |
|---|---|---|
| 1. | തിരുവനനന്തപുരം | 8821 |
| 2. | കൊല്ലം | 13856 |
| 3. | പത്തനംതിട്ട | 9034 |
| 4. | ആലപ്പുഴ | 11709 |
| 5. | കോട്ടയം | 20750 |
| 6. | ഇടുക്കി | 8997 |
| 7. | എറണാകുളം | 15910 |
| 8. | തൃശ്ശൂർ | 23339 |
| 9. | മലപ്പുറം | 19600 |
| 10 | പാലക്കാട് | 17071 |
| 11. | കോഴിക്കോട് | 27574 |
| 12 | വയനാട് | 8048 |
| 13 | കണ്ണൂർ | 21888 |
| 14 | കാസർഗോഡ് | 9236 |
| | **ആകെ** | **215833** |

ഡി) എത്ര കർഷകർക്ക് പെൻഷൻ നൽകി; വിശദാംശം ലഭ്യമാക്കുമോ ?

ഡി) സംസ്ഥാനത്തെ 207844 കർഷകർക്ക് 2013 മാർച്ച് മാസം വരെയുള്ള പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്. തുക കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**